പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 314 — 11.06.2013-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി യുടെ കമ്പനിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീ. മാത്യു. റ്റി. തോമസ് :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീമതി. ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. കമ്പനിയാക്കുവാൻ തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) കമ്പനിയാക്കുമ്പോൾ പൊതു ജനങ്ങൾക്ക് കൂടുതൽ പ്രയോജനമുള്ള എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(എ) (ബി) & (സി) 2003-ലെ വൈദ്യുതി നിയമം അനുശാസിക്കും പ്രകാരവും കേന്ദ്ര സർക്കാരിൻെറ നിർദ്ദേശങ്ങൾക്കനുസരിച്ചും വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കുവാൻ കേരള സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇതിൻ പ്രകാരം കെ. എസ്. ഇ. ബിയുടെ മുഴുവൻ ആസ്തി-ബാധ്യതകളും ഏറ്റെടുത്തുകൊണ്ട് 25-09-2008-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി-ബാധ്യതകൾ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കെ. എസ്. ഇ. ബിയുടെ പുന:സംഘടനയ്ക്കുള്ള കൈമാറ്റ പദ്ധതിയുടെ കരട് ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിൻെറ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന വൈദ്യുതി മേഖലയിലെ വികസന പദ്ധതികളുടെ സഹായം കേരളത്തിലെ ജനങ്ങളിലുമെത്തിക്കാൻ നിയമത്തിലെ വ്യവസ്ഥകൾ നമ്മുടെ സംസ്ഥാനവും പാലിക്കേണ്ടതുണ്ട്. അതുവഴി കേരളത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനമെത്തിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ.